Reg. No.......................................

Name...........................................

(Pages : 1)

**S.U. 4486**

**SREE SANKARACHARYA UNIVERCITY OF SANSKRIT**

**M. A. ENTRANCE EXAMINATION, 2015**

Time: Two Hours

**മലയാളം**

Total Marks: 100

---

**I ഒറ്റ വാക്കിൽ ഉത്തരമെഴുതുക** (10 x 2 = 20)

1) ചിലപ്പതികാരത്തിന്റെ കർത്താവ് ആര് ?

2) എന്റെ ഗുരുനാഥൻ എന്ന് വള്ളത്തോൾ കവിതയിൽ വിശേഷിപ്പിക്കുന്നത് ആരെയാണ് ?

3) വിദ്യാവിനോദിനിയുടെ പത്രാധിപർ ആയിരുന്ന സാഹിത്യവിമർശകൻ ?

4) 'ഒളിവിലെ ഓർമ്മകൾ' എന്ന ആത്മകഥയുടെ കർത്താവ് ?

5) 'ആടുജീവിത'ത്തിലെ മുഖ്യകഥാപാത്രത്തിന്റെ പേരെന്ത് ?

6) 'ഭഗ്നഭവനം' - ആരുടെ കൃതി ?

7) മരുവാൻ സപീർ ഈശോ ഏതു ശാസനത്തിലാണ് പരാമർശിക്കപ്പെടുന്നത് ?

8) 'മുറപ്പെണ്ണ്' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥ രചിച്ചതാര് ?

9) വൈക്കം സത്യാഗ്രഹം നടന്ന വർഷമേത് ?

10) പിൽക്കാലം - സന്ധി ഏത് ?

**II രണ്ടു പുറത്തിൽ കവിയാതെ നാലെണ്ണത്തിന് ഉത്തരമെഴുതുക** (4 x 10 = 40)

11) സംഘകാലത്തെ ആരാധനാരീതികൾ ചുരുക്കി വിവരിക്കുക.

12) വെൺമണികൃതികളുടെ സാഹിത്യചരിത്രപരമായ മൂല്യമെന്ത് ?

13) വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിലെ ആത്മാഖ്യാനപരമായ സവിശേഷതകൾ എന്തൊക്കെ ?

14) മണിപ്രവാളം, പാട്ട് എന്നിവ നിർവചിച്ചുദാഹരിക്കുക.

15) സമുദായപരിഷ്കരണസംഘടനകൾ കേരളനവോത്ഥാനത്തിൽ വഹിച്ച പങ്കെന്ത് ?

16) സമകാലികമലയാളചെറുകഥയുടെ പ്രമേയപരമായ പ്രത്യേകതകൾ ഏവ ?

**III നാലു പുറത്തിൽ കവിയാതെ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക** (2 x 20 = 40)

17) കുട്ടികൃഷ്ണമാരാരുടെ സാഹിത്യവിമർശനത്തിന്റെ സവിശേഷതകൾ ഏവ ?

18) ഐക്യകേരളരൂപീകരണത്തിൽ പത്രങ്ങളും പുസ്തകങ്ങളും വഹിച്ച പങ്കെന്ത് ?

19) പ്രമുഖസാഹിത്യകൃതികളെ ആധാരമാക്കിയുള്ള ചലച്ചിത്രങ്ങൾ മലയാളസിനിമയിൽ എന്തു പങ്കാണു വഹിച്ചത് ?

**********